## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1625 — 01.11.2019-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിലെ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം<br><br>ശ്രീമതി ഇ.എസ്. ബിജിമോൾ | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കേണ്ടി വരുമ്പോൾ അധികം വേണ്ടിവരുന്ന ക്ലറിക്കൽ സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു തന്നെ ഏർപ്പെടുത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ക്ലറിക്കൽ ജീവനക്കാരെ മറ്റ് വകുപ്പുകളിലെ പഞ്ചായത്ത് പദ്ധതി നിർവ്വഹണ ജോലികൾക്കായി വിട്ട് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെയും പദ്ധതി നിർവ്വഹണ , ഏകോപന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും എന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കേണ്ടി വരുമ്പോൾ അധികം വേണ്ടി വരുന്ന ക്ലറിക്കൽ സേവനങ്ങൾക്കായി ആ വകുപ്പിലെ തന്നെ ജീവനക്കാരെ പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | ക്ലറിക്കൽ തസ്തികകൾ നന്നേ കുറവായ മൃഗാശുപത്രി, കൃഷിഭവനുകൾ എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കുമ്പോൾ നിലവിൽ ക്ലറിക്കൽ സേവനങ്ങൾ അധികമായി നൽകി വരുന്നുണ്ടോ വിശദമാക്കാമോ; | (ബി) | നിലവിൽ ക്ലറിക്കൽ സേവനങ്ങൾ അധികമായി നൽകി വരുന്നില്ല. എന്നിരുന്നാലും മൃഗാശുപത്രി, കൃഷിഭവനുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പദ്ധതി രൂപീകരണം, നിർവഹണ നടപടി ക്രമങ്ങൾ എന്നിവയിൽ തദ്ദേശസ്വയംഭരണ ജീവനക്കാർ അവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ